**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1395** **28-07-2021 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി റാങ്ക് ലിസ്റ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് തീവ്രമായ സാഹചര്യത്തിൽ വിവിധ സർക്കാർ വകുപ്പുകളിലെ ഡി.പി.സി യോഗങ്ങൾ സമയബന്ധിതമായി ചേരുവാൻ കഴിഞ്ഞിട്ടില്ലെന്ന പരാതി ഉയർന്നിട്ടുള്ള സാഹചര്യത്തിൽ പി.എസ്.സി റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കാമോ; | (എ) | സർക്കാർ ശിപാർശകളുടെ അടിസ്ഥാനത്തിൽ പി.എസ്.സി രണ്ട് തവണ താഴെപ്പറയുന്ന കാലയളവിൽ അവസാനിക്കുന്ന റാങ്ക് പട്ടികകളുടെ കാലാവധി ദീർഘിപ്പിച്ചു നല്കിയിട്ടുണ്ട്. 20.03.2020 മുതൽ 18.06.2020 വരെയുള്ള കാലയളവിനുള്ളിൽ കാലാവധി അവസാനിക്കുന്ന പി എസ് സി റാങ്ക് പട്ടികകളുടെ കാലാവധി 19.06.2020 വരെ മൂന്നുമാസത്തേക്ക് ദീർഘിപ്പിച്ചു നൽകിയിരുന്നു. 05.02.2021 മുതൽ 03.08.2021 വരെയുള്ള കാലയളവിനുള്ളിൽ കാലാവധി അവസാനിക്കുന്ന പി എസ് സി റാങ്ക് പട്ടികകളുടെ കാലാവധി 04.08.2021 വരെ ആറ് മാസത്തേക്കും ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. റാങ്ക് ലിസ്റ്റുകളിൽ നിന്നും മുഴുവൻ ഒഴിവുകളിലും നിയമനം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനാൽ റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടേണ്ട സാഹചര്യം നിലവിലില്ല. |
| (ബി) | ഉണ്ടെങ്കിൽ ഇതിനായി സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (ബി) | സർക്കാർ ശിപാർശകളുടെ അടിസ്ഥാനത്തിൽ പി.എസ്.സി രണ്ട് തവണ താഴെപ്പറയുന്ന കാലയളവിൽ അവസാനിക്കുന്ന റാങ്ക് പട്ടികകളുടെ കാലാവധി ദീർഘിപ്പിച്ചു നല്കിയിട്ടുണ്ട്. 20.03.2020 മുതൽ 18.06.2020 വരെയുള്ള കാലയളവിനുള്ളിൽ കാലാവധി അവസാനിക്കുന്ന പി എസ് സി റാങ്ക് പട്ടികകളുടെ കാലാവധി 19.06.2020 വരെ മൂന്നുമാസത്തേക്ക് ദീർഘിപ്പിച്ചു നൽകിയിരുന്നു. 05.02.2021 മുതൽ 03.08.2021 വരെയുള്ള കാലയളവിനുള്ളിൽ കാലാവധി അവസാനിക്കുന്ന പി എസ് സി റാങ്ക് പട്ടികകളുടെ കാലാവധി 04.08.2021 വരെ ആറ് മാസത്തേക്കും ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. റാങ്ക് ലിസ്റ്റുകളിൽ നിന്നും മുഴുവൻ ഒഴിവുകളിലും നിയമനം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനാൽ റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടേണ്ട സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ